**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1134** **07-12-2022 - ൽ മറുപടിയ്ക്ക്**

**ഏനാമാവ്, ഇടിയഞ്ചിറ റെഗുലേറ്ററുകൾക്ക് സമീപം നിർമ്മിക്കുന്ന താല്കാലിക ബണ്ടുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | മണലൂർ മണ്ഡലത്തിലെ ഏനാമാവ് റെഗുലേറ്ററിന് സമീപത്ത് ഉപ്പുവെള്ളം കയറി കൃഷി നശിക്കുന്നത് തടയുന്നതിനായി നിർമ്മിക്കുന്ന താല്കാലിക ബണ്ടിന്റെ എസ്റ്റിമേറ്റ് തുക എത്രയെന്ന് അറിയിക്കുമോ; | (എ) | **എസ്റ്റിമേറ്റ് തുക 44.34 ലക്ഷം രൂപ.** |
| (ബി) | പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചത് എന്നാണെന്നും പ്രവൃത്തി ആരംഭിച്ചത് എന്നാണെന്നും വ്യക്തമാക്കുമോ; കരാർ പ്രകാരം പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കേണ്ടത് എന്നാണെന്ന് അറിയിക്കുമോ; | (ബി) | 19/10/2022 ൽ പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതാണ്. 25/11/2022 ൽ പ്രവൃത്തി ആരംഭിക്കുന്നതിനായി സ്ഥലം കൈമാറ്റം ചെയ്യുകയും പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ബണ്ടിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു. കരാർ പ്രകാരമുള്ള താല്കാലിക ബണ്ടിന്റെ നിർമ്മാണവും മഴക്കാലത്ത് ബണ്ട് പൊളിച്ചുകളയുന്നതുൾപ്പെടെയുള്ള പ്രവൃത്തി പൂർത്തീകരിക്കേണ്ട കാലാവധി 24/11/2023 ആണ്. |
| (സി) | ഇടിയഞ്ചിറ റെഗുലേറ്ററിന് സമീപത്തെ താല്കാലിക ബണ്ടിന്റെ നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് തുക എത്രയാണെന്നും പ്രസ്തുത പ്രവൃത്തി എന്ന് ആരംഭിച്ചുവെന്നും കരാർ പ്രകാരം നിർമ്മാണം പൂർത്തീകരിക്കേണ്ടത് എന്നാണെന്നും അറിയിക്കുമോ; | (സി) | ഇടിയഞ്ചിറ റെഗുലേറ്ററിന് സമീപത്തെ താൽകാലിക ബണ്ടിന്റെ എസ്റ്റിമേറ്റ് തുക 18 ലക്ഷം രൂപ ആണ്. 02/11/2022 ൽ പ്രവൃത്തി ആരംഭിക്കുന്നതിനായി സ്ഥലം കൈമാറ്റം ചെയ്യുകയും പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. മെയിൻ ബണ്ടിന്റെ പ്രവൃത്തികൾ 27.11.2022- ന് പൂർത്തികരിച്ചിട്ടുള്ളതാണ്. കരാർ പ്രകാരമുള്ള താല്കാലിക ബണ്ടിന്റെ നിർമ്മാണവും മഴക്കാലത്ത് ബണ്ട് പൊളിച്ചുകളയുന്നതുൾപ്പെടെയുള്ള പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കേണ്ട കാലാവധി 01/11/2023 ആണ്. |
| (ഡി) | പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കാൻ വൈകുന്നതുമൂലം ഉപ്പുവെള്ളം കയറി തുടർച്ചയായി രണ്ടാം വർഷവും കൃഷി നാശം സംഭവിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | ഈ വർഷം തുലാവർഷത്തിന്റെ ലഭ്യത കുറവ് മൂലം സാധാരണയിലും നേരത്തേ ഉപ്പുവെള്ളം കയറാൻ തുടങ്ങിയിരുന്നുവെങ്കിലും ഉപ്പുവെള്ളം ഒഴുക്കി കളയുന്നതിന് ചിമ്മിനി ഡാമിൽ നിന്നും കൂടുതൽ വെള്ളം തുറന്ന് വിട്ട് ജലവിതാനം ക്രമീകരിക്കുന്നുണ്ട്. |
| (ഇ) | പ്രസ്തുത പ്രവൃത്തികൾ അടിയന്തരമായി | (ഇ) | ഇടിയഞ്ചിറ മെയിൻ ബണ്ടിന്റെ പ്രവർത്തികൾ |

| | | | |
|---|---|---|---|
| | പൂർത്തീകരിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | | പൂർത്തീകരിച്ചിട്ടുള്ളതാണ്. ഇടിയഞ്ചിറയുടെ പിള്ള ബണ്ടിന്റെ പ്രവൃത്തിയും ഏനാമാക്കൽ. ബണ്ടിന്റെ പ്രവർത്തികളും പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ